Week:5

# Weekly Devotion - July 2016

## JEHOVAH –SHAMMAH (THE LORD IS THERE)

## (യഹോവ അവിടെയുണ്ട്)




ഒരിക്കൽ തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്ന സാധു സുന്ദർസിംഗിനോട്, സഹയാത്രികൻ ഒരു ചോദ്യം ചോദിച്ചു. സാർ, താങ്കളുടെ വേല പുരോഗമിക്കുന്നതുനോക്കി അഭിമാനിക്കാറുണ്ടോ? സാധു പെട്ടെന്ന് തന്റെ കൈ നീട്ടി ഇപ്രകാരം പറഞ്ഞു, എന്റെ ഈ കൈകൊണ്ടാണ് ഞാൻ വേദപുസ്തകം കത്തിച്ചുകളഞ്ഞത്.അവനോട് അടുക്കുംതോറും എന്റെ പാപം എന്റെ മുമ്പിൽ തെളിയുന്നു. യഹോവയുടെ സാന്നിദ്ധ്യം പാപബോധം തരുമ്പോൾ അദ്ദേഹത്തിനു വേണ്ടി കൂടുതൽ

പ്രവർത്തിപ്പാൻ എനിക്ക് ശക്തി ലഭിക്കുന്നു. അവന്റെ സാന്നിദ്ധ്യത്തിന്റെ മഹത്വമാണ് അത്.

യഹോവയുടെ സാന്നിദ്ധ്യം ഉള്ള സ്ഥലങ്ങൾ

**(1) (1) ആലയത്തിൽ യഹോവ വസിക്കുന്നു**

വഞ്ചിച്ച് പിതാവിൽ നിന്നും വാങ്ങിയ അനുഗ്രഹം മാത്രം കൈമുതലായി, സകലതും വിട്ട് പുറപ്പെട്ട യാക്കോബ് ഹാരാനിൽ എത്തിയപ്പോൾ സൂര്യനസ്തമിച്ചതിനാൽ നിദ്രയിലാണ്ടു. കല്ല് തലയിണ ആക്കിയവൻ ഒരു സ്വപ്നം കണ്ടതാണ് യഹോവ അവിടെ ഉണ്ടെന്ന് പറയുവാൻ കാരണം. (ഉല്പ:28:16-17).യഹോവ വസിക്കുന്ന സ്ഥലമാണ് ആലയം. അതേ--- അത് സ്വർഗ്ഗത്തിന്റെ വാതിൽ ആണ്. യഹോവയുടെ സാന്നിദ്ധ്യമുള്ള സ്ഥലം എത്ര ഭയങ്കരം എന്ന് പറയുമ്പോൾ തന്നെ യാക്കോബ് പറയുന്നു "ഞാനോ അതറിഞ്ഞില്ല" എന്റെയും നിങ്ങളുടെയും പാപമാണ് അതിന് കാരണമായതെങ്കിൽ യാക്കോബിനെ ശ്രദ്ധിച്ചാൽ മതി. കല്ല് തലയിണ ആക്കിയപ്പോഴാണ് ദൈവസാന്നിദ്ധ്യം അവൻ അറിഞ്ഞത്. അതുപോലെ നിന്റെ തലയിണ, നിന്റെ കണ്ണീരിനാൽ കല്ലാക്കി പാപബോധം വരുത്തുമ്പോൾ യഹോവയുടെ സാന്നിദ്ധ്യം അറിയും. 'യഹോവ ഇവിടെയുണ്ട്' എന്ന് നമുക്കും പറയുവാൻ കഴിയും. നമ്മുടെ അടുത്ത് ആ സാന്നിദ്ധ്യം നാം അറിയും, നമ്മുടെ ഉള്ളിൽ അറിയും. പാപബോധം വന്നവൻ എല്ലാത്തിലും ദശാംശം നൽകുവാനും തീരുമാനിച്ചു.യഹോവ എവിടെയുണ്ടോ അതാണ് ആലയം അഥവാ അവൻ വസിക്കുന്ന സ്ഥലം. ഇന്ന് ആലയമെന്ന് പറഞ്ഞ് വേർതിരിക്കുന്ന സ്ഥലങ്ങളുണ്ട്., പക്ഷേ ദൈവം അവിടെയില്ല.

**(2) സ്തുതികളിൽ വസിക്കുന്നവൻ**

ആലയം പണിതുയർത്തിയാൽ പോര, അവിടെ നിന്നും താഴ്മയുള്ളവന്റെ സ്തുതി ഉയരണം, "....... താഴ്മയുള്ളവരുടെ മനസ്സിനും, മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ, മനസ്താപവും , മനോവിനയവുമുള്ളവരുടെ കൂടെയും വസിക്കുന്ന" ഉന്നതനും പരിശുദ്ധനുമായ ഞാൻ എന്ന് യഹോവ പറയുന്നു (യെശ:57:15)

ശലോമോൻ പണിത അതിമനോഹരമായ ദേവാലയത്തിൽ കൂറുകളുടെ ക്രമപ്രകാരമല്ലാതെ തങ്ങളെ തന്നെ ശുദ്ധീകരിച്ച പുരോഹിതന്മാർ ചണവസ്ത്രം ധരിച്ച് കൈത്താളം, കിന്നരം, വാദിത്രം ഇവയോട് കൂടെ യഹോവയെ പാടി സ്തുതിച്ചു. അപ്പോൾ യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞു. (2ദിന:5:14-15)പുരോഹിതന്മാർക്ക് ശുശ്രൂഷ ചെയ്യുവാൻ നില്പാൻ കഴിയാത്ത വിധത്തിൽ ദൈവാലയത്തിൽ മേഘം നിറഞ്ഞു.എന്നാൽ (2ദിന:7:1-4) വരെയുള്ള വാക്യങ്ങളിൽ ആകാശത്തുനിന്ന് തീ ഇറങ്ങി ഹനനയാഗവും ഹോമയാഗവും ദഹിപ്പിച്ചപ്പോൾ ജനം അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് ചൊല്ലി ദൈവത്തെ സ്തുതിച്ചു എന്ന് കാണാം.

നാം സ്തുതി ഉയർത്തുന്നവരാണോ.ദൈവം യാഗത്തിൽ പ്രസാദിക്കണമെങ്കിൽ ഉച്ചത്തിൽ സ്തുതിച്ചേ മതിയാകുകയുള്ളൂ. താഴ്മയോടെ ദൈവസന്നിധിയിലെത്തി സ്തുതി ഉയർത്തുവാൻ ഒരുങ്ങുക.

## (3) പ്രാർത്ഥിക്കുന്നവർക്ക് നൽകുന്ന സാന്നിദ്ധ്യം

(2 ദിന:20)ൽ വലിയൊരു ജനസമൂഹം കടലിനക്കരെ നിന്ന് യെഹോശാഫാത്തിനും ജനത്തിനുംനേരെ വന്നു എന്നറിഞ്ഞ് അവർ ശത്രുനിമിത്തം ഭയപ്പെട്ടു. യെഹൂദ്യർ ഒക്കെയും അവരുടെ കുഞ്ഞുങ്ങളുടെയും ഭാര്യമാരുടെയും, മക്കളുടെയും കൂടെ യഹോവയെ അന്വേഷിപ്പാൻ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു.ഉപവസിച്ച് പ്രാർത്ഥിച്ചവർ തങ്ങൾക്കു ശക്തിയില്ല എന്ന് സമ്മതിച്ചപ്പോൾ യഹോവ പതിയിരുപ്പുകാരെ അയച്ചു. പ്രാർത്ഥിച്ചവർക്ക് ജയം നൽകിയത് ദൈവീക സാന്നിദ്ധ്യമത്രെ. പ്രാർത്ഥിപ്പാനിരുന്നവർ പാടിസ്തുതിക്കുകയും ചെയ്തു.

സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് നൽകിയ നിർദ്ദേശം അനുസരിച്ച് കുറവുകളെ നികത്തി ശിഷ്യൻമാർ ഒരുമിച്ച് മാളികമുറിയിൽ ഇരുന്ന് പ്രാർത്ഥിച്ചു പോന്നു. (അപ്പോ:പ്രവ1:14),പെട്ടെന്ന് കൊടിയകാറ്റിന്റെ മുഴക്കം അവർ കേട്ടു. അവർ പരിശുദ്ധാത്മാവ് നിറഞ്ഞവരായി ത്രിത്വത്തിൽ മൂന്നാമന്റെ സാന്നിദ്ധ്യം അവർ അനുഭവിച്ചതിനാൽ അന്യഭാഷയിൽ സംസാരിപ്പാൻ തുടങ്ങി.

## (4) മനുഷ്യരോടൊപ്പം ദൈവത്തിന്റെ വാസം

ഭൗമീക യെറുശലേം എന്ന നഗരത്തിന്റെ പരിമാണവും അവിടുത്തെ ഗോപുരങ്ങളെപ്പറ്റിയും, വിവരിക്കുന്നതോടൊപ്പം ഒരു നാളിൽ ദൈവം തന്റെ ജനത്തോടൊപ്പം നിത്യമായി വസിക്കുമെന്ന വലിയ ഒരു വാഗ്ദത്തം കൂടെ നമുക്ക് ലഭിക്കുന്നതോടെയാണ് യെഹ:(48:35) അവസാനിക്കുന്നത്. അന്നുമുതൽ നഗരത്തിന്യഹോവശമ്മ(യഹോവ അവിടെ) എന്ന് പേരാകും. 'Shamma' എന്ന വാക്ക് 'Sham' എന്ന എബ്രായ പദത്തിൽ നിന്നും ഉണ്ടായതാണ്, അർത്ഥം 'There' അവിടെ എന്നാണ്. യഹോവ എന്നിലുണ്ട്, നിങ്ങളിലുമുണ്ട്.'JEHOVA SHAMMAH' എന്ന തന്റെ പേര് പഴയ നിയമ പ്രവാചകന്മാരെക്കൊണ്ട് ദൈവം അവസാനമായി വെളിപ്പെടുത്തുന്നതും ഇവിടെയാണ്.




സ്വർഗ്ഗീയ യെറുശലേമിൽ ദൈവത്തിന്റെ കൂടാരമുണ്ട്. വെളിപ്പാട് (21:3) ൽ പറയുന്നു. ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടു കൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. (വെളി:21:3)

സമാഗമന കൂടാരത്തെക്കുറിച്ചുള്ള വ്യവസ്ഥകൾ കൊടുക്കുംമുമ്പു തന്നെ ജനത്തോടൊപ്പം വസിക്കുവാനുള്ള ആഗ്രഹം വ്യക്തമാക്കുന്ന ദൈവത്തെ കാണാം. (പുറ:25:8) ഒരിക്കൽ യെറുശലേമിനുണ്ടായ സകല മഹത്വവും നഷ്ടമായതാണ്. എന്നാൽ ആയിരമാണ്ടു വാഴ്ചയിൽ നഷ്ടമായ മഹത്വം മടങ്ങി വരും.അന്ന് ദൈവം എന്നേക്കും നമ്മോടൊപ്പം

വസിക്കും. നീതിയും വിശ്വസ്തതയും "യഹോവ ശമ്മ"യുമായ ഒരു പട്ടണമായിരിക്കും അത്. ആ ഭാഗ്യമനുഭവിപ്പാൻ ഭൗമീക ജീവിതം ക്രമീകരിപ്പാൻ ദൈവം സഹായിക്കട്ടെ.

## **<u>പ്രാർത്ഥന</u>**

സ്തുതികളിൽ വസിക്കുന്നവനായ ദൈവമേ , യഹോവ ഉള്ള സ്ഥലം സ്വർഗ്ഗത്തിന്റെ വാതിലെന്ന് മനസ്സിലാക്കി അങ്ങേയ്ക്ക് മഹത്വം കരേറ്റി ജീവിപ്പാൻ കൃപതരേണമേ. നിത്യതയിൽ അങ്ങയോടൊപ്പം വസിപ്പാൻ യോഗ്യരാകുവാൻ ഭൂമിയിൽ വിശുദ്ധിയോടെ ജീവിപ്പാൻ കൃപതരേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind